## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3912 | 31-01-2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | ഐ.റ്റി.പി.സി.(Idopathic Thrombocytopenic Purpura) പോലുള്ള ചികിത്സാ ചെലവ് ഏറെയുള്ള അസുഖങ്ങളെയും കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | എ) ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | ഒരു കുടുംബത്തിലെ തന്നെ ഒന്നിലധികം രോഗികൾക്ക് മാരകരോഗം പിടിപെട്ട് ചികിത്സ നടത്തുമ്പോൾ രണ്ട് ലക്ഷം രൂപയിൽകൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപയാണ് ചികിത്സ സഹായമായി അനുവദിക്കുന്നത്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് ഈ വ്യവസ്ഥയിൽ ഇളവു നൽകി കുടുംബത്തിലെ ഓരോ രോഗിക്കും 2 ലക്ഷം രൂപാ വീതം ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. ഒരു കുടുംബത്തിലെ തന്നെ ഒന്നിലധികം രോഗികൾക്ക് മറ്റ് രോഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയിൽകൂടുതൽ ധനസഹായം ലഭ്യമാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ